# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
## (ഹാജർ : എസ്.സുഹാസ്, ഐ.എ.എസ്)

**സി8-65887/16.** തീയതി:14/10/2019.

**വിഷയം**:- RFCT LARR Act 2013 – എറണാകുളം മട്ടാഞ്ചേരിയിലെ കറുത്തജൂതപ്പള്ളി -ഏറ്റെടുക്കുന്നത് - സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

**വായന**:- 1. 19/3/2019 ലെ ഇതേ നമ്പർ ഫോറം 4 വിജ്ഞാപനം.
2. SIA യൂണിറ്റായ കെ. വി. എച്ച്. എസ്, കോട്ടയം സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3. ഈ ഓഫീസിലെ 3/9/2019 ലെ ഇതേ നമ്പർ നടപടിക്രമം.
4. 25/9/2019 ൽ ചേർന്ന വിദഗ്ധസമിതിയുടെ നടപടിക്കുറിപ്പ്.

..............................

കൊച്ചി താലൂക്ക് മട്ടാഞ്ചേരി വില്ലേജ് സർവ്വെ നമ്പർ 601/3 ൽ 3.51 ആർ വസ്തുവും, ആയതിൽ സ്ഥിതി ചെയ്യുന്ന കറുത്ത ജൂതപ്പള്ളിയും RFCT LARR Act 2013 പ്രകാരം ഏറ്റെടുത്ത് പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് പുരാവസ്തു ഡയറക്ടറിൽ നിന്നും അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും, ആയത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ എറണാകുളത്തിന് ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്.

RFCT LARR Act 2013 ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി SIA യൂണിറ്റായ കേരള വളന്ററി ഹെൽത്ത് സർവ്വീസസ് കോട്ടയത്തിനെ നിയമിച്ചിട്ടുള്ളതും, ടി യൂണിറ്റിനെ നിയമിച്ചുകൊണ്ടുള്ള RFCT LARR Act 2013 ചട്ടം 11(3) പ്രകാരമുള്ള ഫോം 4 വിജ്ഞാപനം 14/5/2019 ലെ 20/2019/ഡിടിപി.(സി.എൽ.ആർ.) നമ്പർ കേരള ഗസറ്റിലും, ജില്ലകളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, ബാധിക്കപ്പെടുന്ന പ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി യൂണിറ്റ് പദ്ധതി പ്രദേശത്തെ സംബന്ധിച്ച് അന്തിമപഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ട് അവലോകനം നടത്തുന്നതിനായി സൂചന (3)പ്രകാരം വിദഗ്ധസമിതിയെ രൂപീകരിച്ച്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, എറണാകുളത്തിനെ ചെയർമാനായി ഉത്തരവായിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, എറണാകുളത്തിന്റെ അദ്ധ്യക്ഷതയിൽ 25/9/2019 ന് ഉച്ചയ്ക്കുശേഷം

4 മണിക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ.)യുടെ ചേംബറിൽ വിദഗ്ധസമിതി അവലോകന യോഗം ചേർന്നു. ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരേയും പുനരധിവസിപ്പിക്കേണ്ടതില്ലായെന്നും, പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതു വഴി കേരളത്തിന്റെ സാംസ്കാരിക ശ്രേയസ്സ് വർദ്ധിക്കുമെന്നും, ടി പദ്ധതി 2013 ലെ 30-ാം നമ്പർ ആക്ടിലെ സെക്ഷൻ 2(1) ബി (1) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതജനതാല്പര്യം മുൻനിർത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തി.

മേൽ സാഹചര്യത്തിൽ കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സർവ്വെ നമ്പർ 601/3 ൽ 3.51 ആർ വസ്തുവും, ആയതിലുള്ള കറുത്തജൂതപ്പള്ളിയും ഏറ്റെടുക്കുന്നതിന് RFCT LARR Act 2013 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, എറണാകുളത്തിനെ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർ

പകർപ്പ്- 1. ഡയറക്ടർ, പുരാവസ്തു വകുപ്പ്, തിരുവനന്തപുരം
2. സ്പെഷ്യൽ തഹസിൽദാർ (LA), ജനറൽ, എറണാകുളം
3. പബ്ലിക്കേഷൻ ഓഫീസർ, പുരാവസ്തു മ്യൂസിയം, ഹിൽപാലസ്, തൃപ്പൂണിത്തുറ.

ടി15

ബി4-44/19

**കൊച്ചി താലൂക്ക്, മട്ടാഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 601/3 ൽ ഉൾപ്പെട്ട ആകെ 0.0351 ഹെക്ടർ വിസ്തീർണ്ണം വരുന്ന വസ്തുവും അതിൽ സ്ഥിതിചെയ്യുന്ന കറുത്ത ജൂതപ്പള്ളിയും അതിരിപ്പ് സ്ഥലവും പുരാവസ്തുവകുപ്പിൻറെ അധീനതയിൽ പൊന്നുംവില നിയമപ്രകാരം ഒരു ചരിത്ര സ്മാരകമായി സംരക്ഷിക്കുന്ന നടപടിയുടെ ഭാഗമായിട്ടുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി കേരളാ വോളൻററി ഹെൽത്ത് സർവീസസ് , കോട്ടയം സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം വിദഗ്ദ്ധ സമിതി തയ്യാറാക്കി സമർപ്പിക്കുന്ന അവലോകന റിപ്പോർട്ട്.**

മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളി സംരക്ഷിത സ്മാരകമാക്കുന്ന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി കേരളാസർക്കാർ, പുരാവസ്തുവകുപ്പ് അർത്ഥനപത്രം സമർപ്പിച്ചിട്ടുള്ളതും ആയതു പ്രകാരം, എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനെ ലാൻഡ് അകിസിഷൻ ഓഫീസറായി ജില്ലാകളക്ടർ നിയമിച്ചിട്ടുള്ളതുമാണ്. RFCTLARR ACT 2013 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി കേരളാ വൊളൻററി ഹെൽത്ത് സർവ്വീസസ് കോട്ടയത്തെ നിയോഗിച്ചിട്ടുള്ളതുമാണ്.

RFCTLARR ആക്ട് സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം 20/2019/DTP (CLR) നം.കേരള ഗസറ്റിലും ജില്ലാകളക്ട്രേറ്റ്, സബ്ഡിവിഷണൽ മജിസ്ട്രേറ്റ് (ഫോർട്ട് കൊച്ചി) തഹസിൽദാർ ( കൊച്ചിതാലൂക്ക്), സെക്രട്ടറി (കൊച്ചി കോർപ്പറേഷൻ) വില്ലേജ് ഓഫീസർ ( മട്ടാഞ്ചേരി) ബാധിക്കപ്പെട്ട പ്രദേശം, എന്നിവിടങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം, ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരേയും പുനരധിവസിപ്പിക്കേണ്ടതില്ലെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതുവഴി കേരളത്തിൻറെ സാംസ്കാരിക ശ്രേയസ്സ് വർദ്ധിയ്ക്കുമെന്നും ടി പദ്ധതി 2013 ലെ 30-ാം നം.ആക്ടിലെ സെക്ഷൻ 2(1) ബി(1) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിൻറെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജനതാൽപര്യത്തെ മുൻനിറുത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി 03/09/2019 ലെ സി8-65887/16 നമ്പർ നടപടിക്രമം പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് ജില്ലാകളക്ടർ ഉത്തരവായിട്ടുള്ളതാണ്.

ഇതു സംബന്ധിച്ച് 25/09/19 തീയതി 4.00 പി.എം.ന് ഡെപ്യൂട്ടികളക്ടർ (എൽ.എ)യുടെ ചേമ്പറിൽ ചേർന്ന വിദഗ്ദ്ധസമിതി യോഗം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതി ആ പ്രദേശത്തിൻറെ സാമൂഹ്യ സാമ്പത്തിക ചരിത്ര പ്രാധാന്യം വർദ്ധിപ്പിക്കുമെന്നും അതിലുപരി കൊച്ചിയുടെ സാംസ്കാരിക ശ്രേയസ്സിന് മുതൽകൂട്ടാകുമെന്നും നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ മൂലം പൊതുജനത്തിന് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരാത്തതും ആണെന്ന് അംഗങ്ങൾ വിലയിരുത്തി ആയതിനാൽ ഒഴിവാക്കാനാവാത്ത പൊതു ആവശ്യമായി കണക്കാക്കി പൊന്നുംവില നടപടികൾ തുടരാവുന്നതാണെന്ന അംഗങ്ങൾ അഭിപ്രായപ്പെട്ടു . പ്രസ്തുത ഭൂമി പുരയിടയിനത്തിൽ പെടുന്നതും ഏറ്റെടുക്കലിനെതിരെ ആക്ഷേപങ്ങൾ ഒന്നും ഇല്ലാത്തതും നിർദ്ദിഷ്ടവസ്തുവിൽ കച്ചവടക്കാർ, താമസക്കാർ എന്നിവർ ഇല്ലാത്തതും ആകയാൽ പുനരധിവാസ പാക്കേജ് നൽകേണ്ടി വരില്ലെന്നും യോഗം വിലയിരുത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിനെപ്പറ്റി വിദഗ്ദ്ധസമിതി അംഗങ്ങൾ ആരും തന്നെ ആക്ഷേപം ഉന്നയിക്കുകയുണ്ടായില്ല. മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളി സംരക്ഷിക്കുന്നതുമൂലം ലഭ്യമാകുന്ന പ്രജോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകാവുന്ന ചെലവുകളെ അപേക്ഷിച്ച് വളരെ വലുതാണെന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവ് പദ്ധതിക്ക് ആവശ്യമായിട്ടുള്ളതാണെന്നും യോഗം വിലയിരുത്തി.

വിശദമായ ചർച്ചകൾക്ക് ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതു താൽപര്യത്തെ മുൻനിറുത്തി പദ്ധതി നടപ്പിലാക്കുന്നതിലേക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐകകണ്ഠ്യേന തീരുമാമിക്കുകയും ഈ തീരുമാനം യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ദ്ധസമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ RFCTLARR ACT 2013 സെക്ഷൻ 8 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഈ റിപ്പോർട്ട് എറണാകുളം ജില്ലാകളക്ടർ മുമ്പാകെ സമർപ്പിക്കുന്നു.

വിദഗ്ദസമിതി ചെയർമാൻ
&
സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ.
എറണാകുളം.